DESPATCHED On 05/06/2020

29/02/2020



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2332588, ഫാക്സ്: 0471 2561603
E-mail: sic.ker@nic.in

# ഹർജി നമ്പർ AP No.1198(4)/2013/എസ്.ഐ.സി.

## തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

## (ഫയൽ നം.7979/എസ്.ഐ.സി-ജി 2/2013)

സന്നിഹിതൻ

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. കെ.ടി. ഗോവിന്ദൻ,
ശ്രീ ഗോവിന്ദം, ചീമേനി,
ചീമേനി വില്ലേജ് – 671 313. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   വില്ലേജ് ഓഫീസർ,
   വില്ലേജ് ഓഫീസ്,
   ചീമേനി.
2. അപ്പീൽ അധികാരി &
   തഹസീൽദാർ,
   താലൂക്ക് ഓഫീസ്,
   ഹോസ്ദുർഗ്ഗ്.

} എതിർകക്ഷികൾ

ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 05.04.2013 ൽ നൽകിയ വിവരാവകാശ അപേക്ഷയിൽ, കാസർകോട് ലാന്റ് ട്രിബ്യൂണലിൽ നിന്നു KLR Act 72 F പ്രകാരം ചീമേനി വില്ലേജ് ഓഫീസ് മുഖാന്തിരം ടിയാനു നൽകിയ നോട്ടീസ് കിട്ടാത്ത സാഹചര്യത്തിൽ, അതിന്റെ നിജസ്ഥിതി അറിയിക്കണമെന്നാണ് ആവശ്യപ്പെട്ടത്. ഇതിന് കൃത്യമായ മറുപടി ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് 26.06.2013 ൽ കമ്മീഷൻ എതിർകക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ഇതനുസരിച്ച് ഒന്നാം എതിർകക്ഷി 05.07.2013 ൽ റിപ്പോർട്ട് നൽകി. അതിൽ ഇപ്രകാരം പറയുന്നു.

"നോട്ടീസുകൾ നടത്തുന്നതുമായി ബന്ധപ്പെട്ട സ്പഷ്ടീകരണത്തിനായി 21.07.2012 ന് സ്പെഷ്യൽ തഹസീൽദാർ, ലാൻഡ് ട്രൈബ്യൂണലിന് അയച്ചുകൊടുത്തു. നോട്ടീസിന്മേലുള്ള തുടർ നടപടി വിവരങ്ങൾ കാസർകോട് ലാൻഡ് ട്രൈബ്യൂണൽ തഹസീൽദാരിൽ നിന്ന് ലഭിക്കുന്നതാണെന്ന വിവരം അപേക്ഷകനെ അറിയിച്ചിരുന്നു. 24.04.2013 ലെ **A2 7013/13/L Dis** പ്രകാരം കാസർകോട് ലാൻഡ് ട്രൈബ്യൂണൽ ഓഫീസിൽ നിന്ന് അപേക്ഷകന് നോട്ടീസിന്റെ തുടർ നടപടികൾ സംബന്ധിച്ച് വിവരം നൽകണമെന്ന് ഉത്തരവായിരുന്നു. ആയത് ചീമേനി വില്ലേജ് ഓഫീസിൽ 30.04.2013 നു ലഭിച്ചിരുന്നു. ആയതിന് 02.05.2013 ന് അപേക്ഷകന് നേരത്തെ നൽകിയ പ്രകാരം വീണ്ടും വിവരങ്ങൾ നേരിട്ടു നൽകിയിട്ടുണ്ട്." (ഇതിന്റെ പകർപ്പും ഹാജരാക്കി).

3. ഇതിനുശേഷം കമ്മീഷൻ 05.11.2019 ൽ കണ്ണൂർ കളക്ടറേറ്റിലെ വീഡിയോ കോൺഫ്രൻസ് സംവിധാനം വഴി ഹിയറിംഗ് നടത്തി. ഇരുകക്ഷികളും ഹിയറിംഗിൽ പങ്കെടുത്തു.

4. താൻ കേസിൽ ഹാജരാകാതിരിക്കാൻ വേണ്ടിയാണ് ഒന്നാം എതിർകക്ഷി നോട്ടീസ് മന:പൂർവം മറച്ചുവച്ചതെന്ന് അപ്പീൽ ഹർജിക്കാരൻ ഹിയറിങ്ങിൽ പറഞ്ഞു. നേരത്തെ റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങൾ ഒന്നാം എതിർകക്ഷി ഹിയറിംഗിലും ആവർത്തിച്ചു.

5. ഇരുകക്ഷികളുടെയും മൊഴികളും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു.

6. ഒന്നാം എതിർകക്ഷി നൽകിയെന്ന് ആവർത്തിച്ചു പറയുന്ന വിവരം, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം കാസർകോട് ലാൻഡ് ട്രൈബ്യൂണൽ സ്പെഷ്യൽ തഹസീൽദാറിൽ നിന്ന് ലഭിക്കും

എന്നു മാത്രമാണ്. അല്ലാതെ യഥാർത്ഥ വിവരം അപ്പീൽ ഹർജിക്കാരന് ഇനിയും ലഭിച്ചിട്ടില്ല എന്നാണ് കമ്മീഷൻ കരുതുന്നത്. അതുകൊണ്ട് തന്നെ യാണ് ആറുവർഷത്തിലേറെക്കാലത്തെ പഴക്കമുള്ള വിവരത്തിനായി ടിയാൻ കമ്മീഷൻ മുമ്പാകെ ഹാജരായതെന്നും കമ്മീഷൻ കരുതുന്നു.

7. ആയതുകൊണ്ട്, അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട, നോട്ടീസിലെ തുടർ നടപടികൾ സംബന്ധിച്ച വിവരം കാസർകോട് ലാൻഡ് ട്രൈബ്യൂണൽ സ്പെഷ്യൽ തഹസീൽദാർ, ഈ ഉത്തരവ് ലഭിച്ച് 20 ദിവസത്തിനകം ടിയാനു നൽകണമെന്നും, ടി വിവരം കമ്മീഷനെ അറിയിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് അപ്പീൽ ഹർജിയിന്മേൽ ഇന്നേദിവസം 29.02.2020 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)

കെ.വി. സുധാകരൻ,
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

re